# സെൽഫി

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

**ആരാനും** സ്വരൂപിച്ചുരുക്കിയ
സ്വചിത്തം സ്വയം വരച്ചു വരിക്കുന്ന
ആത്മശോധക വിശകലനം –
സാർത്ഥക സ്വാർത്ഥ മുൾവേലിയെ
ധിക്കരിക്കുന്ന രൂപകല്പന.

മാധുര്യം പതിയിരിക്കുന്ന
അമാനുഷ മനച്ചട്ടക്കൂട്ടിൽ
നാണിച്ചൊളിക്കുന്ന
പരസ്യ രഹസ്യങ്ങൾ.
മൃദുലോൾക്കാമ്പ്
ദാർഢ്യമകുട പ്രതിരോധം
തകർത്തഭിരമിക്കാൻ
അകപ്പുറങ്ങളിൽ അഭിലാഷഭേരി.
അടിസ്ഥാന പാഠങ്ങളുടെ
കാന്തികതയും വിചിത്രതയും
ബഹുഗുണ ചിഹ്നങ്ങളായി
ഗണവൽക്കരിക്കുന്നു.

സ്വയംഭൂവായ തന്നിഷ്ടം
പരംചേതനയെ ഇണക്കി-
യിഴകോർത്ത സർവ്വതോമുഖം
പൂർണ്ണകായ എണ്ണൽ യന്ത്രത്തിൽ
സ്വധർമ്മ സാധർമ്മ്യം തിരിച്ചരിക്കാൻ
അക്കപ്പൂട്ടിൻ ലോകത്തിൽ
അധീശത്വദണ്ഡ് ഊന്നുവടിയാക്കി
സ്വചിത്രം ചരിത്ര ദർശനമാക്കുന്നു.
********************************************************************************